**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2027** **14-10-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ 'ദി ഹിന്ദു' അഭിമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനായി ഏതെങ്കിലും പി.ആർ.പത്രം ഏജൻസിയുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇത്തരം പി.ആർ. ഏജൻസികൾക്ക് പ്രതിഫലം നൽകുന്ന രീതി എന്താണെന്നു വ്യക്തമാക്കുമോ; | (എ) | ജനങ്ങളുടെ ജീവിത നിലവാരത്തിലും സാമൂഹ്യപുരോഗതിയിലും രാജ്യത്ത് ഏറ്റവും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2016-21 കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും കേന്ദ്ര സർക്കാരും വ്യത്യസ്ത ഏജൻസികളും സംസ്ഥാനത്തിന് വിവിധ മേഖലകളിൽ നൽകിയ അംഗീകാരങ്ങൾ അനേകമാണ്. വികസന-ക്ഷേമരംഗങ്ങളിലെ സർക്കാരിന്റെ മികച്ച പ്രവർത്തന ഫലമായി ലഭിച്ച ഇത്തരം അംഗീകാരങ്ങൾ കേരളത്തിന്റെ മികവ് ലോകത്തിനു മുന്നിൽ തെളിയിക്കാൻ പര്യാപ്തവുമാണ്.<br><br>മതനിരപേക്ഷതയും സമാധാനവും പുലരുന്ന നാട് എന്ന നിലയ്ക്ക് കേരളം വർഗീയശക്തികളുടെ എക്കാലത്തെയും ആക്രമണലക്ഷ്യമാണ്. അത്തരം ആക്രമണങ്ങളെ നമ്മുടെ നവോത്ഥാന പാരമ്പര്യത്തെ ചൂണ്ടിക്കാട്ടിയും മതനിരപേക്ഷതയുടെ കൊടി ഉയർത്തിപ്പിടിച്ചുമാണ് നാട് നേരിടുന്നത്. ഇങ്ങനെ നേരിടാനും നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനും ഒരു പി. ആർ ഏജൻസിയുടെയും സഹായം ഒരിക്കലും വേണ്ടി വന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും അതിന്റെ നേതൃത്വത്തിന്റെയും പ്രചാരണം ജനങ്ങൾ സ്വയമേവ ഏറ്റെടുക്കുകയാണ് ഉണ്ടായത്. കേരളത്തിനെതിരായ കുപ്രചാരണങ്ങൾക്കെതിരെ രാജ്യവ്യാപകമായി മതനിരപേക്ഷ പുരോഗമനശക്തികൾ അണിനിരക്കുന്ന അനുഭവമാണ് ഉള്ളത്. പ്രവർത്തന മികവിന് ഏറ്റവും ഉയർന്ന അംഗീകാരമാണ് ജനങ്ങൾ സർക്കാരിന് നൽകിയിട്ടുള്ളത്. ജനങ്ങളാകെ അംഗീകരിച്ച ഈ നയം തുടരുകതന്നെ ചെയ്യും. സർക്കാരിന്റെ വികസനവും ക്ഷേമവും സംബന്ധിച്ച വാർത്തകളും വിവരങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനുള്ളത്. ഏതെങ്കിലും ഒരു പി. ആർ ഏജൻസിയെ അതിനായി ചുമതലപ്പെടുത്തിയിട്ടില്ല. |
| (ബി) | മുഖ്യമന്ത്രിയുടെ അഭിമുഖങ്ങൾ പി.ആർ. ഏജൻസികൾ മുഖേന പത്ര, ദൃശ്യമാധ്യമങ്ങൾക്ക് നൽകുന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ജനങ്ങളുടെ ജീവിത നിലവാരത്തിലും സാമൂഹ്യപുരോഗതിയിലും രാജ്യത്ത് ഏറ്റവും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2016-21 കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും കേന്ദ്ര സർക്കാരും വ്യത്യസ്ത ഏജൻസികളും സംസ്ഥാനത്തിന് വിവിധ മേഖലകളിൽ നൽകിയ അംഗീകാരങ്ങൾ അനേകമാണ്. വികസന-ക്ഷേമരംഗങ്ങളിലെ സർക്കാരിന്റെ മികച്ച പ്രവർത്തന ഫലമായി ലഭിച്ച ഇത്തരം അംഗീകാരങ്ങൾ കേരളത്തിന്റെ മികവ് ലോകത്തിനു മുന്നിൽ തെളിയിക്കാൻ പര്യാപ്തവുമാണ്.<br><br>മതനിരപേക്ഷതയും സമാധാനവും പുലരുന്ന നാട് എന്ന നിലയ്ക്ക് കേരളം വർഗീയശക്തികളുടെ എക്കാലത്തെയും ആക്രമണലക്ഷ്യമാണ്. അത്തരം ആക്രമണങ്ങളെ നമ്മുടെ നവോത്ഥാന പാരമ്പര്യത്തെ ചൂണ്ടിക്കാട്ടിയും മതനിരപേക്ഷതയുടെ കൊടി ഉയർത്തിപ്പിടിച്ചുമാണ് നാട് നേരിടുന്നത്. ഇങ്ങനെ നേരിടാനും നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനും ഒരു പി. ആർ ഏജൻസിയുടെയും സഹായം ഒരിക്കലും വേണ്ടി വന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും അതിന്റെ നേതൃത്വത്തിന്റെയും പ്രചാരണം ജനങ്ങൾ സ്വയമേവ ഏറ്റെടുക്കുകയാണ് ഉണ്ടായത്. കേരളത്തിനെതിരായ കുപ്രചാരണങ്ങൾക്കെതിരെ രാജ്യവ്യാപകമായി മതനിരപേക്ഷ പുരോഗമനശക്തികൾ അണിനിരക്കുന്ന അനുഭവമാണ് ഉള്ളത്. പ്രവർത്തന മികവിന് ഏറ്റവും ഉയർന്ന അംഗീകാരമാണ് ജനങ്ങൾ സർക്കാരിന് നൽകിയിട്ടുള്ളത്. ജനങ്ങളാകെ അംഗീകരിച്ച ഈ നയം തുടരുകതന്നെ ചെയ്യും. സർക്കാരിന്റെ വികസനവും ക്ഷേമവും സംബന്ധിച്ച വാർത്തകളും വിവരങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനുള്ളത്. ഏതെങ്കിലും ഒരു പി. ആർ ഏജൻസിയെ അതിനായി ചുമതലപ്പെടുത്തിയിട്ടില്ല. |
| (സി) | 'ദി ഹിന്ദു' ദിനപത്രത്തിന് മുഖ്യമന്ത്രി അഭിമുഖം നൽകിയത് ഏതെങ്കിലും പി.ആർ. ഏജൻസിയുടെ | (സി) | 'ദി ഹിന്ദു' പത്രത്തിന്റെ പ്രതിനിധിക്കാണ് അഭിമുഖം നൽകിയത്.അഭിമുഖം നടത്തുന്നതിന് ഒരു പി.ആർ |

| | | | |
|---|---|---|---|
| | സാന്നിധ്യത്തിൽ ആയിരുന്നോ; എങ്കിൽ ഏതു ഏജൻസിയുടെ പ്രതിനിധികളാണ് പ്രസ്തുത അഭിമുഖവേളയിൽ ഉണ്ടായിരുന്നത്; വിശദമാക്കുമോ; | | ഏജൻസിയെയും സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാധകമല്ല.മുഖ്യമന്ത്രി നൽകിയ അഭിമുഖത്തിൽ അത്തരമൊരു പരാർശം നടത്തിയിട്ടില്ല. പരാമർശം നടത്തിയില്ലെന്ന കാര്യം വ്യക്തമാക്കി 'ദി ഹിന്ദു' തങ്ങൾ നൽകിയ വാർത്തയ്ക്ക് തിരുത്ത് നൽകുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | അഭിമുഖ സമയത്ത് പി.ആർ. ഏജൻസി പ്രതിനിധികളുടെ സാന്നിധ്യം ഉണ്ടായിരുന്നുവെന്നും പ്രസ്തുത ഏജൻസിയുടെ നിർദ്ദേശപ്രകാരമാണ് മലപ്പുറം ജില്ലയെ സംബന്ധിച്ച പരാമർശം മുഖ്യമന്ത്രിയുടെ അഭിമുഖത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചതെന്നും ഹിന്ദു ദിന പത്രം വെളിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | 'ദി ഹിന്ദു' പത്രത്തിന്റെ പ്രതിനിധിക്കാണ് അഭിമുഖം നൽകിയത്.അഭിമുഖം നടത്തുന്നതിന് ഒരു പി.ആർ ഏജൻസിയെയും സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാധകമല്ല.മുഖ്യമന്ത്രി നൽകിയ അഭിമുഖത്തിൽ അത്തരമൊരു പരാർശം നടത്തിയിട്ടില്ല. പരാമർശം നടത്തിയില്ലെന്ന കാര്യം വ്യക്തമാക്കി 'ദി ഹിന്ദു' തങ്ങൾ നൽകിയ വാർത്തയ്ക്ക് തിരുത്ത് നൽകുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ